# കോഴിക്കോട് സർവ്വകലാശാല: പുതിയ വിവാദം

**കേരളീയം ന്യൂസ് സർവീസ്**

തൃശ്ശൂർ സർവ്വകലാശാലയിലെ പ്രീഡിഗ്രി ഒന്നാം വർഷ ഇംഗ്ലീഷ് പരീക്ഷയെഴുതിയ തൃശ്ശൂർ സെന്റ് തോമാസ് കോളേജിലെ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനമില്ലെന്നാണ് കഴിഞ്ഞ വർഷത്തെ പരീക്ഷാമൂല്യനിർണ്ണയം നടത്തിയവർ കണ്ടെത്തിയിരിക്കുന്നത്! കുട്ടികളുടെ ഭാഷാജ്ഞാനത്തെക്കുറിച്ച് പരിതപിക്കുന്നതിന് മുമ്പ് ഇതുകൂടി അറിയുക ഇപ്പോൾ വെറും പാസ്സ് മാർക്കുമാത്രം കിട്ടിയവരിൽ എസ്.എസ്. എൽ.സി. പരീക്ഷയ്ക്ക് ഇംഗ്ലീഷിൽ 90 ശതമാനവും അതിലധികവും ലഭിച്ചവരുണ്ട്. ഇംഗ്ലീഷിൽ 95 മാർക്കു വാങ്ങി 8-ാം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥിക്ക് പ്രീഡിഗ്രി പരീക്ഷയ്ക്ക് 100ൽ 52 മാർക്ക്! തീർത്തും അലക്ഷ്യമായി മൂല്യനിർണ്ണയം നടത്തി വിദ്യാർത്ഥികളെ വഴിയാധാരമാക്കരുത്. നമ്മുടെ 'ബഹുമാനപ്പെട്ട' സർവ്വകലാശാലയ്ക്ക് പുതിയ കാര്യമല്ലെന്ന് മുൻവർഷങ്ങളിലെ അനുഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. പരീക്ഷാപേപ്പറുകൾ നോക്കുന്നതിന് 'കരാറെടുത്തിട്ടുള്ള' ചില അധ്യാപകശിരോമണികളും അവരുടെ ശിങ്കിടികളുമാണ് ഈതട്ടിപ്പിനു പിന്നിൽ. ഇക്കാര്യത്തിൽ അവർക്ക് 15 വർഷത്തെ 'ഗവേഷണപരിചയ'മുണ്ടെന്നാണ് വിവരമുള്ളവർ പറയുന്നത്. മൊത്തമായി പരീക്ഷപേപ്പറുകൾ നോക്കി വരുമാനമുണ്ടാക്കുന്ന ആശാന്മാരിൽ കൂലിയ്ക്കുനോക്കുന്നവരും പെൻഷൻ പറ്റിയവരും ഉൾപ്പെടും. സെന്റ് തോമാസിലെ റിട്ടയേർഡ് പ്രൊഫസർ സി.സി. വർക്കി ഒരു മാസത്തിനുള്ളിൽ 6000 ഓളം പേപ്പർ 'വാല്യു' ചെയ്ത് ഇരുപതിനായിരം രൂപ എഴുതി വാങ്ങിയെന്നാണ് ഞങ്ങൾക്കു ലഭിച്ച വിവരം. ഒരു ദിവസം 30 പേപ്പറുകൾ മാത്രമേ നോക്കാൻ നിയമം അനുവദിക്കുമ്പോഴാണ് ധനസമ്പാദനം മാത്രം ലക്ഷ്യമാക്കിയുള്ള മാർക്കിടൽ പ്രസ്ഥാനം അരങ്ങേറുന്നത്.

മൂല്യനിർണ്ണയം നടത്താതെ തന്നെ മാർക്ക് ദാനം ചെയ്യാനുള്ള ഉദാരമനസ്സതയും ഇവർ കാണിക്കാറുണ്ടത്രേ. 1997-98 ൽ എം.എ. ഇക്കണോമിക്സ് പരീക്ഷയിൽ ഒൻപതു റാങ്കുകളും ഒരേ കോളേജ് കരസ്ഥമാക്കിയതു സംബന്ധിച്ച വാർത്ത ഓർക്കുക. കോഴിക്കോട് സർവ്വകലാശാലയ്ക്ക് ഇതൊരലങ്കാരം മാത്രമാണ്. പി.ഇ. ഉഷക്കേസിൽ കുറ്റവാളിയായ യൂണിയൻ അംഗത്തെ രക്ഷിക്കാനും പരാതിക്കാരിയെ മാനസികമായി പീഢിപ്പിക്കാനും പരമാചാര്യനായ ഡോ. കെ. കെ. എൻ. കുറുപ്പുതന്നെ രംഗത്തിറങ്ങിയിരുന്നവല്ലോ.

ഒരു സർവ്വകലാശാലയെ കച്ചവടസ്ഥാപനമായി മാത്രം കരുതിപ്പോരുന്ന 'തറവാട്ടുസ്വത്തിൽ' ഭാര്യയ്ക്കും മക്കൾക്കുമുള്ള പങ്ക് ഡിസൈനിംഗ് മേധാവിയായും, യോഗ്യതവേണ്ടാത്ത ഗവേഷണ വിദ്യാർത്ഥിയായും, ഫീസുവേണ്ടാത്ത കംപ്യൂട്ടർ വിദ്യാർത്ഥിയായും നേടിക്കൊടുത്ത ഈ ആചാര്യശിരോമണി വൈസ്ചാൻസലറുടെ വിക്രിയങ്ങളെക്കുറിച്ച് നമ്മൾ ധാരാളം കേട്ടുകഴിഞ്ഞു.

എന്നിട്ടും പ്രത്യശാസ്ത്രവ്യത്യാസമില്ലാതെ സർവ്വരുടെയും അറിവോടെ നടക്കുന്ന ഈ മൂല്യനിർണ്ണയ 'പരീക്ഷകൾ' വിദ്യാഭ്യാസത്തിന് മാന്യമായ സ്ഥാനം നൽകിപ്പോരുന്ന ഒരു പാട് വിദ്യാർത്ഥികളേയും അവരിൽ വിശ്വാസമർപ്പിച്ചിട്ടുള്ള മാതാപിതാക്കളെയുമാണ് വിഡ്ഢികളാക്കുന്നത്.

"എമ്പ്രാനലപം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും" എന്നല്ലേ നമ്പ്യാർ പാടിയത്. പടച്ചതമ്പുരാനും (സർക്കാർ) ഇവരോടൊപ്പമാണെങ്കിൽ കൂടി വിദ്യാർത്ഥിസമൂഹം അവരെ വെറുതെവിടരുത്. ഇല്ലെങ്കിൽ എല്ലാ മേഖലകളിലും കൂടുതൽ കൂടുതൽ അഴിമതിയും വൃത്തികേടിന്റെയും പുതിയ കുറുത്തുവല്ലകൾ അണിഞ്ഞുകൊണ്ടിരിക്കുന്ന ഈ സർവ്വകലാശാലയിൽ സാമാന്യ സദാചാരനിഷ്ഠകൾ പോലും കാറ്റിൽ പറത്തിയ വൈതാളികന്മാർ വ്യാജച്ചാരായനിർമ്മാണവും, ഐസ്ക്രീം പാർലർ ബിസിനസ്സും സിലബസിൽ ഉൾപ്പെടുത്തുന്നത് നമുക്ക് കാണേണ്ടി വരും.